ഉത്തരം

(എ) ഉണ്ട്.

(ബി) പരാതി വിശദമായി അന്വേഷണം നടത്തിയതിൽ 97/04, 98/04 എന്നീ കേസുകളിൽ ഉൾപ്പെട്ടവർ യഥാർത്ഥ പ്രതികൾ തന്നെയാണെന്ന് വെളിവായിട്ടുണ്ട്. 7-11-2004-ന് സുമാർ 18.30 മണിക്ക് ഓടക്കയിൽ ബഷീർ എന്നയാളെ അമ്മാംകുന്നേൽ ഷെരീഫ്, അഷറഫ് തുടങ്ങി 15 ഓളം പേർ ചേർന്ന് വാക്കത്തി, കമ്പി, വടി തുടങ്ങിയ ആയുധങ്ങൾ കൊണ്ട് കൊല്ലണമെന്ന ഉദ്ദേശത്തോടുകൂടി അടിച്ച് പരിക്കേൽപ്പിച്ചതിന് 16 പേർക്കെതിരെ കൂരാച്ചുണ്ട് പോലീസ് സ്റ്റേഷനിൽ ക്രൈം 97/04 യു/എസ് 143, 147, 148, 324, 308 ആർ/ഡബ്ല്യു 149 ഐ. പി. സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. 7-11-2004-ന് 22.30 മണിയോടെ കൂരാച്ചുണ്ട് ടൗണിൽ കുറ്റം ചെയ്യണമെന്ന ഉദ്ദേശത്തോടും കരുതലോടുംകൂടി ഐ. യു. എം. എൽ. ഓഫീസിന്റെ പൂട്ടുപൊളിച്ച് അകത്ത് കയറി ഫർണിച്ചർ സാധനങ്ങൾ നശിപ്പിക്കുകയും ഹമീദ് എന്നയാളുടെ വീട്ടുമുറ്റത്ത് മാരകായുധങ്ങളുമായി വന്ന് അന്യായക്കാരെ ചീത്ത വിളിക്കുകയും ഭീഷണിപ്പെടുത്തുകയും വീടിന് കല്ലെറിഞ്ഞ് നാശനഷ്ടം വരുത്തുകയും ചെയ്തതിന് കൂരാച്ചുണ്ട് പോലീസ് സ്റ്റേഷനിൽ ക്രൈം 98/04 യു. എസ്./143, 147, 148, 452, 294 (ബി) ആർ/ഡബ്ല്യു 149 ഐ. പി. സി. പ്രകാരം 18 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് കുറ്റപത്രം കോടതി മുൻപാകെ സമർപ്പിച്ചിട്ടുണ്ട്.

ചാത്തന്നൂർ സി. ഐ. ഓഫീസ് ഉദ്ഘാടനം

57 [3753] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ സർക്കിൾ ഇൻസ്പെക്ടർ ഓഫീസ് ഉദ്ഘാടനം ജനപ്രതിനിധികളെ അറിയിക്കാതെ നടത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ;

(സി) ചാത്തന്നൂർ സർക്കിൾ ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങി നൽകിയത് മണൽ മാഫിയയുമായി ബന്ധമുള്ളവരാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) & (ബി) ചാത്തന്നൂർ സി. ഐ. ഓഫീസിനുവേണ്ടി പുതിയ കെട്ടിടം നിർമ്മിച്ചിട്ടില്ല. നിലവിലുള്ള കെട്ടിടത്തിന് എക്സ്റ്റൻഷൻ മാത്രമേ നടത്തിയിട്ടുള്ളൂ. എക്സ്റ്റന്റ് ചെയ്ത കെട്ടിടത്തിലേക്ക് സി. ഐ. ഓഫീസ് ഷിഫ്റ്റ് ചെയ്തതിന് ലളിതമായ ഒരു ചടങ്ങ് മാത്രമേ നടത്തിയിട്ടുള്ളൂ.

(സി) ഇല്ല. സി. ഐ. ഓഫീസിലേക്ക് പുതിയ ഫർണിച്ചർ വാങ്ങിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly